പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6289 07.11.2016 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസ്സുകളുടെ അനധികൃത ദീർഘദൂര സർവ്വീസ്

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ ബസുകൾ കോൺട്രാക്ട് കാര്യേജ് എന്ന പേരിൽ പെർമിറ്റില്ലാതെ ദീർഘദൂര സർവ്വീസ് നടത്തുന്നതായും അതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി-യുടെ വരുമാനം കവർന്നെടുക്കുന്ന രീതിയിൽ സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ ടിക്കറ്റ് നിരക്ക് ഈടാക്കി ദീർഘദൂര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവ സർവ്വീസ് നടത്തുന്നത് കോൺട്രാക്ട് കാര്യേജ് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ്. പെർമിറ്റില്ലാതെ ദീർഘദൂര സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പാലക്കാട് - മലപ്പുറം - കോഴിക്കോട് റൂട്ടിലെ ഇത്തരം സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇത്തരം സർവ്വീസുകൾ സംബന്ധിച്ച് പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം സർവ്വീസുകൾ കാരണം മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാണോ; വിശദാംശം നൽകുമോ; | (സി) | ഇത്തരം സർവ്വീസുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ ശക്തമായ ഇടപെടലുകളിലൂടെ ഇത്തരം സർവ്വീസുകളെ നിയന്ത്രിച്ച് പ്രസ്തുത ഡിപ്പോയുടെ വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരം സർവ്വീസുകൾ സംബന്ധിച്ച് പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ